## വ്യാവസായിക പരിശീലന വകുപ്പ്
(കേരള സംസ്ഥാനം)

നം. ജി1/9191/2011.

തൈക്കാട്, തിരുവനന്തപുരം,
തീയതി: 17/10/2011.

ട്രെയിനിംഗ് ഡയറക്ടർ.

പ്രിൻസിപ്പാൾ,
സർക്കാർ ഐ.ടി.ഐ./പ്രൈവറ്റ് ഐ.ടി.ഐ

സർ,

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ് - ആൾ ഇന്ത്യാ ട്രേഡ് ടെസ്റ്റ് ജൂലൈ 2011 - തുടർ നടപടി - സംബന്ധിച്ച്.

******************

താഴെപ്പറയുന്ന കാര്യങ്ങൾ ശ്രദ്ധാപൂർവ്വം മനസ്സിലാക്കി അതു പ്രകാരം നടപടികൾ കൈക്കൊള്ളുവാൻ നിർദ്ദേശിക്കുന്നു.

1. <u>പി.എൻ.ടി.സി./'ബി' ഫോറം വിതരണം</u>

2011 ജൂലൈ മാസം നടന്ന അഖിലേന്ത്യാ ട്രേഡ് ടെസ്റ്റിന്റെ ഫലം 11/10/2011-ന് പ്രസിദ്ധീകരിച്ചിരുന്നു. 2011 ജൂലൈ മാസം നടന്ന അഖിലേന്ത്യാ ടെസ്റ്റിന്റെ എസ്.സി.വി.ടി. സെക്രട്ടറിയുടെ ഫാസിമിലി പതിപ്പിച്ച പി.എൻ.ടി.സി.യും, 'ബി' ഫോറവും ഇതോടൊപ്പം നോഡൽ ഐ.ടി.ഐ.യിലേക്ക് അയയ്ക്കുന്നു. നോഡൽ ഓഫീസർമാർ അവരുടെ പരിധിയിൽ വരുന്ന സർക്കാർ ഐ.ടി.ഐ./പ്രൈവറ്റ് ഐ.ടി.ഐ.കൾക്ക് അവ വിതരണം നടത്തേതാണ്. ഐ.ടി.ഐ./പ്രൈവറ്റ് ഐ.ടി.ഐ.കൾക്ക് വിതരണം ചെയ്ത വിവരം ഒരാഴ്ചയ്ക്കകം ഡെപ്യൂട്ടി ഡയറക്ടറെ അറിയിക്കേതാണ്.

2. <u>റീ-കൗണ്ടിംഗ്</u>

ട്രെയിനികൾക്ക് എഴുത്ത് പരീക്ഷയിൽ ഏതെങ്കിലും വിഷയത്തിന് ലഭിച്ചിട്ടുള്ള മാർക്കിൻമേൽ റീ-കൗണ്ടിംഗ് വേണമെന്നുണ്ടെങ്കിൽ ആയതിലേയ്ക്കായി നിർദ്ദിഷ്ട ഫാറത്തിലെ അപേക്ഷ (അപേക്ഷാ ഫോറത്തിന്റെ മാതൃക ഇതോടൊപ്പം ചേർക്കുന്നു.) 25/11/2011- ന് മുൻപ് ഡെപ്യൂട്ടി ഡയറക്ടർ (ട്രെയിനിംഗ്), തൈക്കാട്, തിരുവനന്തപുരം- 14 എന്ന വിലാസത്തിൽ ഒറിജിനൽ ചെലാൻ രസീത് സഹിതം ബന്ധപ്പെട്ട സർക്കാർ ഐ.ടി.ഐ./പ്രൈവറ്റ് ഐ.ടി.ഐ പ്രിൻസിപ്പാൾ മുഖാന്തിരം

അപേക്ഷിക്കേതാണ്. ഐ.ടി.ഐ./സർക്കാർ ഐ.ടി.ഐ പ്രിൻസിപ്പാൾ പ്രസ്തുത അപേക്ഷ 30/11/2011, 3 പി.എം.ന് മുൻപായി ഡെപ്യൂട്ടി ഡയറക്ടറുടെ പേരിൽ (ശ്രീ.ബി.ബാലചന്ദ്രൻ,) ട്രെയിനിംഗ് ഡയറക്ടറേറ്റിൽ എത്തിച്ചിരിക്കണം. തോറ്റുപോയ വിഷയത്തിന് 10/- രൂപയും ജയിച്ച വിഷയത്തിന് 25/- രൂപയുമാണ് റീ-കൗണ്ടിംഗിന്, 0230-എൽ&ഇ-00-800-അദർ റസീപ്റ്റ്സ്- 88-അദർ ഐറ്റംസ് എന്ന ശീർഷകത്തിൽ ഫീസിനത്തിൽ ഒടുക്കേണ്ടത്. മതിയായ വിശദാംശങ്ങൾ രേഖപ്പെടുത്തിയിട്ടില്ലാത്തതോ ഒറിജിനൽ ചെലാൻ രസീത് വച്ചിട്ടില്ലാത്തതോ അവസാന തീയതിക്കു ശേഷം ലഭിക്കുന്നതോ ആയ അപേക്ഷകൾ റീ-കൗണ്ടിംഗിനായി പരിഗണിക്കുന്നതല്ല. റീ-കൗണ്ടിംഗിനു ശേഷം അപേക്ഷകരായ ട്രെയിനികളുടെ റിസൽട്ടിൽ മാറ്റമുണ്ടായിട്ടുണ്ടെങ്കിൽ പ്രസ്തുത വിവരം ട്രെയിനിയെ നേരിട്ട് അറിയിക്കുന്നതാണ്. റീ-കൗണ്ടിംഗ് റിസൽട്ട് ലഭിക്കുന്നതിന് കാലതാമസം നേരിട്ടാൽ ആയത് അടുത്ത സപ്ലിമെന്ററി ട്രേഡ് ടെസ്റ്റിന് അപേക്ഷിക്കാതിരിക്കുന്നതിന് കാരണമാക്കാവുന്നതല്ല.

3. 2012 ജനുവരിയിൽ നടക്കുന്ന അഖിലേന്ത്യാ സപ്ലിമെന്ററി ട്രേഡ് ടെസ്റ്റിനെ സംബന്ധിച്ച വിശദവിവരങ്ങളടങ്ങുന്ന വിജ്ഞാപനം ഇതോടൊപ്പം അയക്കുന്നു.

4. ഐ.ടി.ഐ./ഐ.ടി.സി. പ്രിൻസിപ്പാൾമാർ 'ബി' ഫോറങ്ങൾ സൂക്ഷ്മമായി പരിശോധിക്കേണ്ടതാണ്. മാർക്കുകളിലോ മറ്റ് ഏതെങ്കിലും എൻട്രികളിലോ പിശകുകൾ പറ്റിയതായി കണ്ടാൽ ആയത് 05/11/2011-നകം ട്രെയിനികൾക്ക് വിതരണം ചെയ്യുന്നതിന് മുമ്പ് ഡെപ്യൂട്ടി ഡയറക്ടർ (ട്രെയിനിംഗ്)റുടെ ശ്രദ്ധയിൽപ്പെടുത്തേണ്ടതാണ്.

താങ്കളുടെ വിശ്വസ്തൻ,

അഡീഷണൽ ഡയറക്ടർ ഓഫ് ട്രെയിനിംഗ്.

ഉള്ളടക്കം:-
1. എസ്.സി.വി.ടി. സെക്രട്ടറിയുടെ ഫാസിമിലി പതിപ്പിച്ച 'ബി' ഫോറം.
2. റീ-കൗണ്ടിംഗിനുള്ള അപേക്ഷയുടെ മാതൃക.
3. 2012 ജനുവരി ട്രേഡ് ടെസ്റ്റിന് അപേക്ഷ ക്ഷണിച്ചുകൊണ്ടുള്ള വിജ്ഞാപനം

പി.സി.18/10.

# എൻ.സി.വി.ടി. ട്രേഡ് ടെസ്റ്റ് ജൂലൈ 2011

## റീ-കൗണ്ടിംഗിന് അപേക്ഷിക്കുന്നതിനുള്ള ഫോറം

1. അപേക്ഷകന്റെ പേരും തപാൽ വിലാസവും (പിൻകോഡ് സഹിം) :

2. ട്രേഡ് :

3. റോൾ നമ്പർ :

4. സർക്കാർ ഐ.ടി.ഐ./പ്രൈവറ്റ് ഐ.ടി.ഐയുടെ പേര് :

5. റീ-കൗണ്ടിംഗിന് അപേക്ഷിക്കുന്ന വിഷയം/വിഷയങ്ങൾ:

6. സർക്കാർ റീ-കൗണ്ടിംഗിന് അപേക്ഷിക്കുന്ന വിഷയത്തിന് സെക്ഷണൽ ഒഴികെ ഇപ്പോൾ ലഭിച്ചിട്ടുള്ള മാർക്ക് : 1.
: 2.
: 3.

7. ഈ പരീക്ഷയിൽ ജയിച്ചോ/തോറ്റോ :

8. റീ-കൗണ്ടിംഗിനായി ഫീസ് ഒടുക്കിയതിന്റെ വിശദവിവരം :
   ചെല്ലാൻ നമ്പർ, തീയതി :
   തുക :
   ട്രഷറിയുടെ പേര് :

9. അപേക്ഷകൻ പ്രൈവറ്റ് കാൻഡിഡേറ്റ് ആണോ (എങ്കിൽ അപേക്ഷ സ്വീകരിച്ച പ്രിൻസിപ്പാളിന്റെ ഒപ്പ് രേഖപ്പെടുത്തുക) :

### പ്രതിജ്ഞ

മുകളിൽ രേഖപ്പെടുത്തിയിട്ടുള്ള വിവരങ്ങൾ ശരിയാണെന്ന് ഇതിനാൽ പ്രതിജ്ഞ ചെയ്യുന്നു. അപേക്ഷയിലെ രേഖപ്പെടുത്തലുകൾ അപൂർണ്ണമോ, അപേക്ഷ നൽകിയിട്ടുള്ളത് നിർദ്ദേശങ്ങൾക്ക് അനുസൃതമോ അല്ലെങ്കിൽ ഈ അപേക്ഷ നിരസിക്കുന്നതിന് എനിക്ക് സമ്മതമാണ്.

അപേക്ഷകന്റെ ഒപ്പ്

### പ്രതിജ്ഞ

....................................................എന്ന ട്രെയിനി 2011 ജൂലായ് ട്രേഡ് ടെസ്റ്റിൽ................
....................................സർക്കാർ ഐ.ടി.ഐ./പ്രൈവറ്റ് ഐ.ടി.ഐ.യിൽ നിന്നും
....................................ട്രേഡിൽ പരീക്ഷ എഴുതിയ ട്രെയിനിയാണ്. ടി ട്രെയിനിയുടെ മേൽപറഞ്ഞിരിക്കുന്ന വിവരങ്ങൾ ശരിയാണെന്ന് ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.

സ്ഥലം :
തീയതി :

സർക്കാർ ഐ.ടി.ഐ./പ്രൈവറ്റ് ഐ.ടി.ഐ.പ്രിൻസിപ്പാൾ

പി.സി.18/10.